# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.537      26/04/2017-ൽ മറുപടിക്ക്

## വൈദ്യുതി വകുപ്പിൽ പുതിയതായി ആരംഭിച്ച സെക്ഷൻ ഓഫീസുകൾ

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയതായി ആരംഭിച്ച സെക്ഷൻ ഓഫീസുകൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിച്ച സെക്ഷൻ ഓഫീസുകളുടെ മണ്ഡലം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| **സെക്ഷന്റെ പേര്** | **നിയോജക മണ്ഡലം** |
|---|---|
| റാന്നി പെരിനാട് | റാന്നി |
| വെണ്മണി | ചെങ്ങന്നൂർ |
| വള്ളിക്കുന്നം | മാവേലിക്കര |
| ഉടുമ്പൻചോല | ഉടുമ്പൻചോല |
| ആലക്കോട്-തൊടുപുഴ | തൊടുപുഴ |
| മഞ്ഞള്ളൂർ | മൂവാറ്റുപുഴ |
| കോറോം | മാനന്തവാടി |
| സീതംഗോളി | മഞ്ചേശ്വരം |
| ചെറുപുഴ | പയ്യന്നൂർ |
| നെല്ലിക്കുഴി | കോതമംഗലം( ഔപചാരിക ഉത്ഘാടനം നടന്നത് 15.10.2016 ന് ) |
| എടത്തല | ആലുവ (ഔപചാരിക ഉത്ഘാടനം നടന്നിട്ടില്ല) |
| കുമ്പാറ | തിരുവമ്പാടി |
| വാളയാർ | മലമ്പുഴ |

(...2)

| | | | |
|---|---|---|---|
| (ബി) | കാസർകോട് ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങാൻ ആലോചനയുണ്ടെങ്കിൽ എവിടെയാണെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. പുതിയ സെക്ഷനുകൾ ആരംഭിക്കുന്നതിനുളള നിർദ്ദേശങ്ങൾ കസ്റ്റമർ കെയർ സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച പരിശോധനകൾക്ക് വിധേയമായാണ് പരിശോധിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പുന:പരിശോധിച്ചു വരുകയാണ്. കാസർഗോഡു ജില്ലയിൽ പുതിയ സെക്ഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | നിലവിലുള്ള സെക്ഷനിൽ എത്ര ഉപഭോക്താക്കൾ ആകുമ്പോഴാണ് പുതിയ സെക്ഷൻ ആരംഭിക്കുക; ഈ മാനദണ്ഡപ്രകാരം ഏതൊക്കെ സെക്ഷനുകൾ വിഭജിക്കാൻ ഉണ്ടെന്നു വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ